(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഗുണനിലവാര പരിശോധന നടത്തുകയും ഗുണനിലവാരം പുലർത്താത്ത മരുന്നുകളുടെ കാര്യത്തിൽ മരുന്നുനിർമ്മാതാക്കളുടെയും വിതരണക്കാരുടെയും പേരിൽ നിയമനടപടികൾ സ്വീകരിക്കാറുണ്ട്.

ആശുപത്രികൾക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുള്ള വ്യവസ്ഥകൾ

5 (1722) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികളിൽ ഉപയോഗിക്കുന്ന ടോയ്ലെറ്റ് സോപ്പ്, വാഷിംഗ് പൗഡർ, ഫ്ളോർ ക്ലീനർ, സ്വാബ് സ്റ്റിക്ക്, ബൾബ്, ട്യൂബ്, ഇലക്ട്രിക് സ്പെയർ പാർട്ടുകൾ തുടങ്ങിയ സാധനങ്ങൾ എപ്രകാരമാണ് വാങ്ങുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എച്ച്.ഡി.എസ്.-ന്റെ ഫണ്ടിനു പുറമേ മറ്റേതെങ്കിലും ഫണ്ട് വിനിയോഗിക്കുന്നുണ്ടോ ;

(സി) ഈ സാധനങ്ങൾ 16-2-1996-ലെ G.O.(Ms.) No. 69/H&FWD. ഉത്തരവിൽ അനുശാസിക്കുന്ന വിധത്തിൽ റണ്ണിംഗ് കോൺട്രാക്ട് അടിസ്ഥാനത്തിലാണോ ഇപ്പോൾ വാങ്ങുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) അല്ലെങ്കിൽ മേൽപ്പറഞ്ഞ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം വാങ്ങുന്നതിന് കർശനമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഫ്ളോർ ക്ലീനർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് വാങ്ങിവിതരണം ചെയ്യുന്നത്. ബാക്കിയുള്ളവ സർക്കാരിന്റേയും, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടേയും ഫണ്ട് ഉപയോഗിച്ച് അതാത് ആശുപത്രികളിൽ ലോക്കൽ പർച്ചേസ് മുഖാന്തിരം വാങ്ങുന്നതാണ്.

(ബി) എച്ച്.ഡി.എസ്സ്.-ന്റെ ഫണ്ടിനു പുറമേ സർക്കാരിന്റെ ഫണ്ടും ആർ.എസ്.ബി.വൈ. ഫണ്ടും ഉപയോഗിക്കുന്നുണ്ട്.

(സി&ഡി) ഫ്ളോർ ക്ലീനർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴിയും ബാക്കിയുള്ളവ സർക്കാർ ഫണ്ടും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ടും ഉപയോഗിച്ച് അതാത് ആശുപത്രികളിൽ ലോക്കൽ പർച്ചേസ് മുഖാന്തിരം വാങ്ങുന്നു. പ്രസ്തുത സംവിധാനം വളരെ കാര്യക്ഷമമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്.

ബഹുരാഷ്ട്ര കമ്പനികൾ വിതരണംചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം

6 (1723) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംവേ, ഡി.എക്സ്.എൻ. തുടങ്ങി നിരവധി ബഹുരാഷ്ട്ര കമ്പനികൾ അവരുടെ മരുന്നുകൾ, ഫുഡ് സപ്ലിമെന്റ് ഉൽപ്പന്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly